# സി.ആർ.എം.എല്ലിന്റെ രാസമാലിന്യമടങ്ങിയ ഉൽപന്നം വിപണിയിൽ

മാധ്യമം ദിനപത്രം

കൊച്ചി: മനുഷ്യജീവിതത്തിന് ഭീഷണിയായ രാസമാലിന്യം പരിസ്ഥിതി സംരക്ഷണ ഉത്പന്നമായി അവതരിപ്പിച്ച് പരിസ്ഥിതി മലിനീകരണത്തിന് കുപ്രസിദ്ധമായ കമ്പിനി വിപണി തേടുന്നു. പെരിയാർ പുഴ മലിനീകരണത്തിന്റെ പേരിൽ കരിംപട്ടികയിൽപ്പെടുത്തിയ ആലുവായിലെ കൊച്ചിൻ മിനറൽസ് ആന്റ് റൂട്ടയിൽ ലിമിറ്റടാണ് (സി.എം.ആർ.എൽ) കളിമണ്ണിന് പകരമായി മാലിന്യത്തെ സിമോക്സ്ക്ലേ എന്ന ഓമനപ്പേരിട്ട് പുറത്തിറക്കിയത്. കമ്പനിയിലെ രാസപദാർത്ഥങ്ങളും മണ്ണും ചേർന്ന ദ്രവരൂപത്തിലുള്ള ഉത്പന്നം ഖരരൂപത്തിലേക്ക് മാറ്റിയതാണ് പുതിയ ഉത്പന്നം. ഇഷ്ടിക, ഓട്, ടൈൽസ് എന്നിവ നിർമ്മിക്കുന്നതിന് കളിമണ്ണിന് പകരമായി ഉപയോഗിക്കാമെന്ന് പത്രമാധ്യമങ്ങളിൽ വ്യാപതമായ പരസ്യം നൽകിയാണ് വിപണി കണ്ടെത്തുന്നത്.

എന്നാൽ സിമോക്സ്ക്ലേ അപകടകരമായ മാലിന്യമാണെന്ന് കൊച്ചി സർവ്വകലാശാല പരിസ്ഥിതി പഠനകേന്ദ്രത്തിന്റെ പരിശോധനയിൽ തെളിഞ്ഞിട്ടുണ്ട്. എറണാകുളം ജില്ലയിലെ മുപ്പത്തടത്ത് നിയമവിരുദ്ധമായി വയൽ നികത്താൻ ഇത് ഉപയോഗിച്ചിരുന്നു. സോളിഡാരിറ്റി യൂത്ത് മൂവ്മെന്റ് പ്രവർത്തകർ ഇതിൽ നിന്നും ശേഖരിച്ച സാമ്പിൾ പരിശോധനയിലാണ് അപകടകരമായ രാസപദാർത്ഥങ്ങളും അമിതമായ ഇരുമ്പിന്റെ അംശങ്ങളും കണ്ടെത്തിയത്. മലിനീകരണ നിയന്ത്രണ ബോർഡ് നൽകിയ വിവരമനുസരിച്ച് അപകട രഹിതമായ മാലിന്യത്തിൽ ഉൾപ്പെടണമെങ്കിൽ ഒരു കിലോ ഗ്രാം മാലിന്യത്തിൽ ഇരുമ്പിന്റെ അംശം 50,000 മില്ലി ഗ്രാമിൽ താഴെയായിരിക്കണമെന്നാണ് നിബന്ധന. കൊച്ചിൻ സർവ്വകലാശാലയിൽ നടത്തിയ പരിശോധനയിൽ ഇരുമ്പിന്റെ അംശം രണ്ട് ലക്ഷം മില്ലി ഗ്രാമാണുള്ളത്. കൂടാതെ ഹെവിമെറ്റൽസിൽപ്പെടുന്ന അപകടകരമായ രാസപദാർത്ഥങ്ങളും ഇതിൽ അടങ്ങിയിട്ടുണ്ട്. എന്നാൽ ഈ മാലിന്യത്തെ ഇഷ്ടിക നിർമ്മാണത്തിന് അനുയോജ്യ വസ്തുവാണെന്ന് പി.സി.ബിയിൽ നിന്ന് കമ്പിനി അംഗീകാരവും നേടിയെടുത്തിട്ടുണ്ട്.

ആരോപണ വിധേയനായ ബോർഡ് അംഗമായ സെക്രട്ടറിയിൽ നിന്നാണ് കമ്പനി അംഗീകാരം തരപ്പെടുത്തിയത്. ബോർഡ് നൽകിയ നിർദ്ദേശത്തിൽ ഇഷ്ടിക നിർമ്മാതാക്കൾക്ക് നേരിട്ട് വിതരണം നടത്തണമെന്നും ഇടനിലക്കാരെ ഏൽപ്പക്കരുതെന്നും പ്രത്യകം പരാമർശിച്ചുണ്ട്. ഉത്പന്നം നൽകുന്ന ആളുകളുടെ വിവരങ്ങൾ കമ്പിനിയും ബോർഡും സൂക്ഷിക്കണമെന്നും നിർദ്ദേശമുണ്ട്. ഇതെല്ലാം കാറ്റിൽ പറത്തി കമ്പിനി തോന്നിയ രൂപത്തിലാണ് മാലിന്യം വിൽക്കുന്നത്. എറണാകുളം ജില്ലയിലെ മുപ്പത്തടം, മരതകപാടം എന്നീ പാടങ്ങൾ നികത്താൻ ഇത് ഇറക്കിയിരുന്നു. സോളിഡാരിറ്റി പ്രവർത്തകരുടെ പ്രതിഷേധത്തെതുടർന്ന് ഇതി കമ്പിനി വളപ്പിൽതന്നെ തിരിച്ച് നിക്ഷേപിക്കേണ്ടി വന്നു. പി.സി.ബി നൽകിയ അപകട രഹിത സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര പരിസ്ഥിതി ബോർഡിന്റെ അംഗീകാരവും കമ്പിനിക്ക് നേടിയെടുക്കാനായിട്ടുണ്ട്.

ഇഷ്ടിക നിർമ്മാണത്തിന് ഇത് ഉപയോഗിച്ച നിർമ്മാതാക്കൾക്ക് പണം പോയ അവസ്ഥയാണ്. നെടുമ്പാശ്ശേരി, ശ്രീമൂലനഗരം എന്നിവിടങ്ങളിൽ ഇത് ഉപയോഗിച്ച് നിർമ്മിച്ച ഇഷ്ടികകൾക്ക് ഉറപ്പ് കുറവായാണ് അനുഭവപ്പെട്ടത്. ഇതിന്റെ അടിസ്ഥാനത്തിൽ ആദ്യം 30 ശതമാനവും പിന്നീട് 10 ശതമാനവും സിമോക്സ്ക്ലേ ചേർത്തും കളിമണ്ണുപയോഗിച്ച് നിർമ്മിച്ച ഉത്പന്നങ്ങൾക്കും ഈട് ലഭിച്ചില്ല. ഇത് മൂലം ഇഷ്ടിക നിർമ്മാതാക്കൾ ഈ മാലിന്യം ഇഷ്ടികക്കളങ്ങൾ നികത്തുന്നതിനാണ് ഉപയോഗിക്കുന്നത്. വയലുകളിലും പറമ്പുകളിലും നിക്ഷേപിക്കുന്ന മാലിന്യം പ്രദേശത്തെ കുടിവെള്ളവും ഭൂഗർഭ ജലവും മലിനീകരിക്കും. നെൽപ്പാടങ്ങൾ കളിമണ്ണിനായി ഇനി കുഴിക്കേണ്ടതില്ലെന്ന് പരസ്യം നൽകി പരിസ്ഥിതി സംരക്ഷകരായി അവകാശപ്പെടുന്ന കമ്പിനിയാണ് മണ്ണും വെള്ളവും മലിനീകരിച്ച് ആവാസ വ്യവസ്ഥയെ തകിടം മറിക്കുന്നത്. ഇതുപയോഗിച്ച് ഇഷ്ടിക നിർമ്മാണത്തിൽ ഏർപ്പെട്ട തൊഴിലാളികൾക്ക് ശാരീരിക അസ്വസ്ഥതകളും മറ്റ് ബുദ്ധിമുട്ടുകളും ഉണ്ടായിട്ടുള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇതുമൂലം എറണാകുളം ജില്ലയിൽ ചിലവ് കുറഞ്ഞ ഉത്പന്നം തൃശ്ശൂർ, പാലക്കാട് ഉൾപ്പടെ എല്ലാ ജില്ലകളിലും എത്തിക്കുന്നതിനാണ് പ്രമുഖ പത്രങ്ങളിൽ പരസ്യതന്ത്രവുമായി കമ്പനി രംഗത്ത് എത്തിയത്.


**ഡി.ടി.പി. ഓപ്പറേറ്ററെ ആവശ്യമുണ്ട്**

കേരളീയം മാസികയ്ക്ക് മലയാളം ഡാറ്റ എൻട്രി അറിയാവുന്ന (ലേ ഔട്ട് അധിക യോഗ്യതയായി കണക്കാക്കും) ഡി.ടി.പി. ഓപ്പറേറ്ററെ ആവശ്യമുണ്ട്. ആകർഷകമായ ശമ്പളം.

**കേരളീയം**
കൊക്കാലെ, തൃശൂർ-21
9446576943